**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്കിലെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരായിരുന്ന ശ്രീഎസ്.പ്രസാദ്, ശ്രീ.എൻ.സുരേഷ്ചന്ദ്രൻ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി, ശ്രീ.എസ്.പ്രസാദിന് 'ശാസന' നൽകിയും ശ്രീ.എൻ.സുരേഷ്ചന്ദ്രനെ കുറ്റവിമുക്തനാക്കി കൊണ്ടും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 3561/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 22.12.2012**

---

പരാമർശം:- 1. ധനകാര്യ (നാഷണൽ സേവിംഗ്സ്) വകുപ്പിന്റെ 09.08.2007-ലെ 543/NSD-AU1/2006/Fin. നമ്പർ കത്ത്.

2. 20.12.2010ലെ 51533/ഇആർബി3/07/തസ്വഭവ നമ്പർ സർക്കാർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 01.10.2011, 13.01.2012, 07.05.2012 എന്നീ തീയതികളിലെ 33499/എസ്റ്റാ.എ2/10/ഗ്രാവിക. നമ്പർ കത്തുകൾ.
4. ശ്രീ.എസ്.പ്രസാദിനും ശ്രീ.എൻ.സുരേഷ്ചന്ദ്രനും എതിരെയുള്ള 07.09.2012ലെ 51553/ഇആർബി3/07/തസ്വഭവ നമ്പർ കുറ്റപത്രം.
5. ശ്രീ.എൻ.സുരേഷ്ചന്ദ്രൻ 15.10.2012 തീയതിയിൽ സമർപ്പിച്ച പ്രതിവാദപത്രിക.

**<u>ഉത്തരവ്</u>**

ധനകാര്യ (നാഷണൽ സേവിംഗ്സ്) വകുപ്പിന്റെ ആഡിറ്റ് വിംഗ്, കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്കിൽ 22.08.2005, 23.08.2005 എന്നീ തീയതികളിൽ നടത്തിയ പരിശോധനയിൽ 01.04.2002 മുതൽ 31.03.2005 വരെയുള്ള കാലയളവിൽ MPKBY ഏജന്റിനുള്ള ഇൻസെന്റീവ് അലവൻസ് തുകയായ 21,03,490/- രൂപ ക്യാഷായി മാറി MPKBY ഏജന്റുമാർക്ക് വിതരണം ചെയ്യുകയുണ്ടായെന്നും ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നും കണ്ടെത്തുകയുണ്ടായി. (19.04.1990 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 2223/90/ഫിൻ-ലെ ഖണ്ഡിക 2(2) പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖാന്തിരമേ MPKBY ഏജന്റുമാർക്ക് ഇൻസെന്റീവ് അലവൻസ് വിതരണം ചെയ്യാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്). ആയതിനാൽ മുകളിൽ സൂചിപ്പിച്ച ക്രമവിരുദ്ധ നടപടിക്ക് ഉത്തരവാദികളായ ഇത്തിക്കര ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം ഒന്ന്

പ്രകാരം ധനകാര്യ വകുപ്പ് ശുപാർശ ചെയ്തിരുന്നു. തുടർന്ന് **മേൽ പറഞ്ഞ** ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥരെ 'സെൻഷ്വർ' ചെയ്യുന്നതിന് പരാമർശം രണ്ട് പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥൻ മരണപ്പെട്ടു പോയെന്നും മറ്റുദ്യോഗസ്ഥരായ ശ്രീ.എൻ.സുരേഷ് ചന്ദ്രൻ, ശ്രീ.എസ്.പ്രസാദ് എന്നിവർ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ റാങ്കിലും അതിനു മുകളിലും ഉൾപ്പെട്ട ഉദ്യോഗസ്ഥരായതിനാൽ 'സെൻഷ്വർ' നടപടി സർക്കാർ തലത്തിൽ കൈക്കൊള്ളുവാൻ പരാമർശം 3ലെ 13.01.2012ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്.പ്രസാദ്, ശ്രീ.എൻ.സുരേഷ്ചന്ദ്രൻ എന്നിവർക്ക് പരാമർശം 4 പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ പരാമർശം 3ലെ കത്തുകൾ പ്രകാരം ഗ്രാമവികസന കമ്മീഷണർ താഴെപ്പറയുന്ന വിധം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇത്തിക്കര ബ്ലോക്കിൽ ശ്രീ.എസ്.പ്രസാദ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയി ചാർജ്ജ് എടുത്തതിനുശേഷം പുതുതായി നിയമനം ലഭിച്ച ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്ക് 02.12.2002 മുതൽ 31.12.2002 വരെ കൊല്ലം കൊട്ടാരക്കര സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റിൽ നൽകിയിരുന്ന പരിശീലനത്തിലായിരുന്നു. ഈ കാലയളവിൽ ഇത്തിക്കര ബ്ലോക്കിൽ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ ചാർജ്ജ് ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് ആയിരുന്നു. പ്രസ്തുത കാലയളവിലാണ് 30.12.2002-ൽ 2,66,010/- രൂപ (സിബി 52/01-02) പേമെന്റ് നൽകിയത്. 05.02.2002 വരെ MPKBY ഏജന്റുമാർക്കുള്ള ഫണ്ട് റ്റി.പി.അക്കൗണ്ട് 70 സബ്ട്രഷറി ചാത്തന്നൂരിൽ ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി ചെക്ക് മുഖാന്തിരം വിതരണം നടത്തിയിരുന്നു. ഇത്തിക്കര സബ്ട്രഷറി നോൺ ബാങ്കിംഗ് ട്രഷറിയായതിനാൽ MPKBY ഏജന്റുമാരുടെ ഇൻസെന്റീവ് അലവൻസും ക്യാഷായിട്ടാണ് മാറി ലഭിച്ചിരുന്നതെന്നും അപ്രകാരം ശ്രീ.എസ്.പ്രസാദിന്റെ കാലയളവിൽ രണ്ട് പേമെന്റുകൾ (29.03.2003ലും 30.06.2003ലും) മാത്രമേ നടത്തിയിട്ടുള്ളുവെന്ന് ഗ്രാമവികസന കമ്മിഷണർ റിപ്പോർട്ടു ചെയ്തിരുന്നു.

സർക്കാർ ഉത്തരവ് (സാധാ)നം.4375/ഫിൻ, തീയതി 09.05.2003 പ്രകാരം MPKBY ഏജന്റിനു വേണ്ടി ഒരു സ്പെഷ്യൽ TSB അക്കൗണ്ട് തുറക്കാൻ ഉത്തരവാകുകയും ചാത്തന്നൂർ സബ്ട്രഷറിയിൽ TSB അക്കൗണ്ട് തുറക്കുകയും 2,98,860/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും പേമെന്റ് ചെക്കു മുഖാന്തിരം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും പുതിയതായി നിയമിക്കപ്പെട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ എന്ന നിലയിൽ മുൻഗാമികൾ നടത്തിയ നടപടിക്രമങ്ങൾ പാലിച്ചത് കൊണ്ട് ഉണ്ടായ അപാകതയാണ് തനിക്ക് സംഭവിച്ചതെന്നും ഈ വസ്തുതകൾ കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി തന്നെ കുറ്റവിമുക്തനാക്കണമെന്ന് ശ്രീ.എസ്.പ്രസാദ് 17.02.2011ലെ നിവേദനത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.എൻ.സുരേഷ്ചന്ദ്രൻ മുഖത്തല ബ്ലോക്കിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയിരുന്നപ്പോൾ 01.07.2002 മുതൽ 07.08.2002 വരെയുള്ള കാലഘട്ടത്തിൽ ഇത്തിക്കര ബ്ലോക്കിൽ അഡീഷണൽ ചാർജ്ജ് വഹിച്ചിരുന്നുവെന്നും ഈ കാലഘട്ടത്തിൽ MPKBY ഏജന്റുമാർക്കുള്ള ഇൻസെന്റീവ് അലവൻസ് നൽകുന്നതിനായി ട്രഷറിയിൽ ബില്ല് സമർപ്പിച്ചിരുന്നില്ലായെന്നും ശ്രീ.സുരേഷ് ചന്ദ്രൻ അറിയിക്കുകയുണ്ടായിയെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ശ്രീ.എൻ.സുരേഷ്ചന്ദ്രൻ പരാമർശം 5 പ്രകാരം നൽകിയ പ്രതിവാദപത്രികയിൽ താൻ മുഖത്തല ബ്ലോക്കിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയിരുന്ന സന്ദർഭത്തിൽ 01.07.2002 മുതൽ 07.08.2002 വരെ ഉള്ള കാലഘട്ടത്തിൽ ഇത്തിക്കര ബ്ലോക്കിന്റെ ബി.ഡി.ഒ. ആയി അധിക ചുമതല വഹിച്ചിരുന്നുവെന്നും എന്നാൽ ഈ കാലയളവിൽ MPKBY ഏജന്റുമാർക്കുള്ള ഇൻസെന്റീവ് അലവൻസ് ട്രഷറിയിൽ നിന്നും മാറുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ കുറ്റപത്രത്തിലെ ആരോപണം താൻ ബി.ഡി.ഒ.ആയിരുന്ന കാലഘട്ടത്തിൽ സംഭവിച്ചിട്ടില്ലെന്നും പറയുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്കിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരായിരുന്ന ശ്രീഎസ്.പ്രസാദ്, ശ്രീ.എൻ.സുരേഷ്ചന്ദ്രൻ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി, ശ്രീ.എസ്.പ്രസാദിന് 'ശാസന' നൽകി കൊണ്ടും ശ്രീ.എൻ.സുരേഷ്ചന്ദ്രനെ കുറ്റവിമുക്തനാക്കി കൊണ്ടും ഇതിനാൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്.യു.രാജീവ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.എസ്.പ്രസാദ്. മുൻ ബി.ഡി.ഒ. ഇത്തിക്കര ബ്ലോക്ക് } ഗ്രാമവികസന
ശ്രീ.എൻ.സുരേഷ്ചന്ദ്രൻ, മുൻ ബി.ഡി.ഒ. ഇത്തിക്കര ബ്ലോക്ക് } കമ്മീഷണർ മുഖേന

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), ~~തൃശ്ശൂർ~~ തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ